**Publication:** MalayalaManorama
**Date:** 12.10.2015
**Page:**12
**Headline:**Mar Baselios public school Kottayam are the winners

# ടിസിഎസ് ഐടി ക്വിസിൽ മാർ ബസേലിയസ് ജേതാക്കൾ

**കൊച്ചി** ● ടിസിഎസ് ഐടി വിസ് ഇന്റർസ്കൂൾ ക്വിസ് മൽസരത്തിൽ കോട്ടയം മാർ ബസേലിയസ് പബ്ലിക് സ്കൂൾ ജേതാക്കളായി. തൃപ്പൂണിത്തുറ ചിന്മയ വിദ്യാലയ രണ്ടാമതെത്തി.

അഞ്ചു റൗണ്ടുകളിലായി നടന്ന മത്സരത്തിൽ മാർ ബസേലിയസിലെ വിദ്യാർഥികളായ തോമസ് ജോൺ, തോമസ് ഫിലിപ് എന്നിവർ മികച്ച പ്രകടനമാണു കാഴ്ചവച്ചത്. ഗോകുലം കൺവൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ സിയാൽ എംഡി വി.ജെ. കുര്യൻ സമ്മാനങ്ങൾ വിതരണം ചെയ്തു. വിജയികൾ മുംബൈയിൽ നടക്കുന്ന നാഷനൽ ഫൈനൽസിൽ പങ്കെടുക്കും.